*➪ ഇപ്പോൾ നാം അതിമുതലാളിത്ത കാലഘട്ടത്തിലാണ് ജീവിക്കുന്നത് ➪*

# വാസ്തവാനന്തര കാലത്തെ അപ്രിയ വർത്തമാനങ്ങൾ

അധികാരക്കസേരയിലിരുന്ന് മുതലാളിത്തസേവ നടത്തുന്ന വിദൂഷകരും അതിമുതലാളിത്തവും അരങ്ങുവാഴുന്ന വാസ്തവാനന്തര കാലത്ത് ഇന്ത്യൻ ജനാധിപത്യത്തിന്റെ അവസ്ഥയെന്താണ്?

**സമദ്**

**ഫ്ളൂറൈഡ്** ചേർത്ത കേമപ്പെട്ട ടൂത്ത്പേസ്റ്റ് നമ്മളിൽ മുതിർന്നവരൊക്കെ വാങ്ങി ഉപയോഗിച്ചിട്ടുണ്ട്. ദന്തസംരക്ഷണത്തിനായി നമ്മുടെ കുട്ടികളെ ശീലിപ്പിച്ചിട്ടുമുണ്ട്. ആരോഗ്യസംരക്ഷണത്തിന്റെ കാൽ നൂറ്റാണ്ടിനുശേഷം ഫ്ളൂറൈഡ് അപകടകാരിയാണെന്ന് നാം തിരിച്ചറിഞ്ഞു. സംരക്ഷിക്കുന്നതിന് പകരം അത് പല്ലിന്റെ ഇനാമൽ നശിപ്പിക്കുകയാണ് ചെയ്യുക. വസ്തുതകൾ പൊതുജനം മനസ്സിലാക്കിക്കഴിഞ്ഞപ്പോൾ, ഉത്പാദക/വിതരണക്കാർ നിശബ്ദമായി അത്തരം ഉത്പന്നങ്ങൾ പിൻവലിക്കുകയും അവർ തന്നെ ഉണ്ടാക്കിത്തരുന്ന മറ്റ് ടൂത്ത്പേസ്റ്റുകളിലേക്ക് നമ്മെ വിദഗ്ദമായി കൂറുമാറ്റുകയും ചെയ്തു. എത്രയോ ഉപഭോക്താക്കളുടെ പല്ലിന്റെ മാത്രമല്ല എല്ലിന്റെയും ആരോഗ്യം തകർത്ത ഈ രാസവസ്തുവിനെക്കുറിച്ച് ഇന്ന് നാം വ്യാകുലപ്പെടുന്നില്ല. അത് മുതലാളിത്ത കാലഘട്ടത്തിലായിരുന്നു. അക്കാലത്ത് ആടിനെ പട്ടിയാക്കിയും ആനമായിലൊട്ടകം കളിച്ചും മിടുക്കന്മാർ പണം വാരിക്കൂട്ടി. ഇപ്പോൾ നാം അതിമുതലാളിത്ത കാലഘട്ടത്തിലാണ് ജീവിക്കുന്നത്. അതിമുതലാളിത്ത കാലത്ത് ഫ്ളൂറൈഡ് ടൂത്ത്പേസ്റ്റുകളുണ്ടാക്കി വിൽക്കുന്നതും ശിശു ആഹാരങ്ങളുണ്ടാക്കി കുഞ്ഞുങ്ങളുടെ ആരോഗ്യം സംരക്ഷിക്കുന്നതുമൊക്കെ ആട്ടിൻ കാട്ടംപോലെ അപ്രധാനമായിരിക്കുന്നു. നാം പൊതുജനത്തിന് സ്വപ്നം കാണാനാവാത്തത്ര വമ്പിച്ച ഉദ്യമങ്ങളിൽ ഏർപ്പെട്ടിരിക്കുകയാണ് ഇന്ന് അതിമുതലാളിത്തം. മുതലാളിത്ത കാലത്തിന്റെ അവസാനമായപ്പോഴേക്കും എന്താണ് ലക്ഷം എന്നു സാധാരണക്കാരന് മനസ്സിലായി. എന്താണ് കോടി എന്ന് അവന് ഊഹിക്കാൻ കഴിഞ്ഞു. ഇപ്പോൾ നമ്മുടെ നേതാക്കൾ സംസാരിക്കുന്നത് ലക്ഷം കോടി എന്നൊക്കെയാണ്. അതെത്രയാണെന്ന് നമുക്കറിയില്ല. നാം ചോദ്യം ചോദിക്കാതായിരിക്കുന്നു. ചോദിച്ചാൽ നമുക്കറിയില്ല എന്നു അവർക്ക് മനസ്സിലാവില്ലേ? ഇത് അതിമുതലാളിത്ത കാലമാണ്. പച്ചയായ കള്ളം പറഞ്ഞ്, ജനാധിപത്യത്തിന്റെ പിരിയൻ ഗോവണി കയറി അധികാരക്കസേരയിലിരുന്നു മുതലാളിത്ത സേവ നടത്തുന്ന വിദൂഷകരുടെ കാലം.

എന്താണ് ഈ അതിമുതലാളിത്തം? എന്താണ് കമ്യൂണിസം, എന്താണ് രാമരാജ്യം എന്നീ ചോദ്യങ്ങൾ പോലെ കൃത്യമായി ഉത്തരം നൽകാൻ ബുദ്ധിമുട്ടുള്ള ഒരു സാങ്കൽപ്പിക ലക്ഷ്യം. വഴി വാണിഭക്കാരനെ പെട്ടിക്കച്ചവടക്കാരനും പെട്ടിക്കച്ചടവക്കാരനെ സൂപ്പർമാർക്കറ്റുകാരനും അയാളെ ബിർളയും ബിർളയെ അം

ബാനിയും വിഴുങ്ങി അവസാനം ലോകത്ത് ഒറ്റ മാർക്കറ്റും ഒറ്റ ഉത്പന്നവുമായി മാറുന്ന സുന്ദര സുരഭില മാവേലിനാട്. കള്ളപ്പറയും ചെറുനാഴിയുമില്ല. വിലപേശലില്ല. ഒറ്റ വില. അത് അതിമുതലാളി നിശ്ചയിക്കും. ഒറ്റ നികുതി. അത് ഭരണാധികാരി നിശ്ചയിക്കും. കൃത്യമായി പിരിക്കും. വാങ്ങാൻ ആളുകളെ ശേഷിയുള്ളവരാക്കി നിലനിർത്തുക എന്ന ഒറ്റ പ്രയാസം മാത്രം. വെന്റിലേറ്ററിൽ ആയാലും വിരോധമില്ല. അതില്ലാതെ പറ്റില്ലല്ലോ? അങ്ങിനെയാണ് ഇന്ത്യയെപ്പോലുള്ള ദരിദ്ര രാഷ്ട്രങ്ങൾ രാഷ്ട്രീയ പ്രാധാന്യം നേടുന്നത്. അമേരിക്കയിലും യൂറോപ്പിലും മോഡിയെപ്പോലുള്ള ഒരാൾക്ക് ആതിഥേയന് ഉള്ളിൽ കടുത്ത അനിഷ്ടമുണ്ടെങ്കിലും കസേര കിട്ടുന്നത്.

കച്ചവടവും ഭരണവും ഒന്നാവുന്ന അവസ്ഥയാണ് അതിമുതലാളിത്തം. ഒരു രാജ്യത്തെ അതി സമ്പന്നനും ഭരണാധികാരിയും രണ്ടല്ല, ഒന്നാണ് എന്ന അദ്വൈതം. ഒടുക്കം രാജ്യം എന്നത് അതിരുകൾ ഇല്ലാത്ത സാമ്രാജ്യമായും മാറും. ഗാന്ധിയുടെ രാമരാജ്യത്തെയും കടത്തിവെട്ടി ഒറ്റ സാമ്രാജ്യം. നാം അങ്ങിനെയൊരു കാൽപ്പനിക ലോകത്തേക്കുള്ള യാത്ര ആരംഭിച്ചിരിക്കുന്നു. അതിനെ അടയാളപ്പെടുത്തുന്ന കാലഘട്ടത്തെ നാം വാസ്തവാനന്തര കാലഘട്ടം എന്നു വിളിക്കുന്നു.

**എന്താണ് വാസ്തവാനന്തര കാലം?**

2004ൽ റാൽഫ് കീസ് എന്ന എഴുത്തുകാരൻ പോസ്റ്റ് ട്രൂത്ത് എന്ന തന്റെ പുസ്തകത്തിലാണ് അങ്ങിനെ ഒരു വാക്ക് ആദ്യമായി ഉപയോഗിക്കുന്നത്. പിന്നീട് എറിക് ആൾട്ടർമാൻ എന്ന പത്രപ്രവർത്തകൻ ഈ വാക്കിന് പുതിയ അർത്ഥതലങ്ങൾ നൽകി. 9/11 ലെ ലോക വ്യാപാരകേന്ദ്രത്തിന്റെയും ഒപ്പം മുതലാളിത്ത അപ്രമാദിത്തത്തിന്റെയും തകർച്ചക്ക് ശേഷം ഉരുത്തിരിഞ്ഞ ബുഷ് ഭരണ നയങ്ങളാണ്, ബുഷിനുശേഷം ഒരു രാഷ്ട്രീയ പ്രായശ്ചിത്തം പോലെ അധികാരം നേടിയ ഒബാമക്ക് ശേഷം അമേരിക്കൻ പ്രസിഡണ്ടായി വന്ന ട്രംബിന്റെയും നമ്മുടെ പ്രിയങ്കരനായ പ്രധാനമന്ത്രി നരേന്ദ്രമോഡിയടക്കമുള്ള ജനകീയ നേതാക്കളുടെയും തന്ത്രങ്ങളാണ് വാസ്തവാനന്തര കാലഘട്ടത്തിനെ അടയാളപ്പെടുത്തുന്നത്.

9/11 തകർത്ത് അമേരിക്കൻ മുതലാളിത്ത അഹങ്കാരത്തിന് പുനഃപ്രതിഷ്ഠ നൽകിക്കൊണ്ട് അതി മുതലാളിത്തം ഉല്ഭവിച്ചു എന്നു പറയാം. അപകടകരമായ രാസായുധങ്ങൾ ശേഖരിച്ചുവച്ചിട്ടുണ്ടെന്ന് ആരോപിച്ചുകൊണ്ട് സദ്ദാം ഹുസൈനെ അമേരിക്കൻ സേന വധിച്ചു. ടൈഗ്രീസ്, യൂഫ്രട്ടീസ് തീരങ്ങളിൽ ചോരപ്പുഴയൊഴുകി. പുരാതനമായ മെസപ്പൊട്ടേമിയൻ സംസ്കാരത്തിലെ അവശേഷിച്ച ഇളം നാമ്പുകളും ഏജന്റ് ഓറഞ്ച് തളിക്കാതെതന്നെ കരിയിച്ചുകളഞ്ഞു. ലോകത്തിലെ ബഹുഭൂരിപക്ഷം ജനങ്ങളും കയ്യടിച്ച് ആഹ്ലാദിച്ചു. വിയറ്റ്നാമിലെ കുതന്ത്രങ്ങൾ അമേരിക്കക്കാർ തന്നെ തിരിച്ചറിഞ്ഞു പ്രായശ്ചിത്തം ചെയ്യാൻ മുന്നോട്ടുവന്നെങ്കിൽ എന്തുകൊണ്ടാണ് അടിസ്ഥാനപരമായി നന്മനയുള്ളവരും ജനാധിപത്യവാദികളുമായ ലോകജനത പൈശാചികമായ ഇറാക് ആക്രമങ്ങൾക്ക് നേരെ നിസ്സംഗരായത്? അവിടെയാണ് വാസ്തവാനന്തര കാലഘട്ട രാഷ്ട്രീയത്തിന്റെ കാലോചിതമായ വിക്ഷേപണ വിജയം.

മുതലാളിത്തത്തിന് ശത്രുക്കൾ കൂടിയേ തീരൂ. ശത്രുവില്ലാത്ത മുതലാളിത്തം പ്രാണവായുവില്ലാത്ത ജീവിവർഗ്ഗം പോലെ നിസ്സഹായരായിരിക്കും. കമ്യൂണിസമായിരുന്നു ഇരുപതാം നൂറ്റാണ്ടിന്റെ അവസാനം വരെ ശത്രു. ഗൊർബച്ചേവിനോടുകൂടി ശക്തനായ എതിരാളി ഇല്ലാതായി. പിന്നീട് കണ്ടെത്തിയ അഥവാ ആസൂത്രിതമായി സൃഷ്ടിച്ചെടുത്ത ശത്രുവാണ് ഇസ്ലാം. ജനകീയ അടിത്തറ ഒട്ടുമില്ലാത്ത, സൗദി അറേബ്യ അടക്കമുള്ള ഇസ്ലാമിക രാഷ്ട്രങ്ങൾ എല്ലാ ഒത്താശയും ചെയ്തുകൊടുത്തു. കുറച്ചൊക്കെ ജനാധിപത്യം മുതലാളിത്ത എതിർപ്പുകളെ മറികടന്ന് നേടിയെടുത്തുവെങ്കിലും പ്രാചീന കടുംപിടുത്തങ്ങളിൽ അധിഷ്ഠിതമായ ഇറാൻ പോലുള്ള രാജ്യങ്ങളും അവരറിയാതെ അതിമുതലാളിത്ത തന്ത്രങ്ങൾക്ക് വളംവെക്കുകയാണ് ചെയ്തത്. സദ്ദാം ഹുസൈനെക്കൊണ്ട് വിദഗ്ധമായി ചുടുചോർ മാന്തിക്കുകയും അതിവിപുലമായ പ്രചരണതന്ത്രങ്ങളിലൂടെ പൊതുജനാഭിപ്രായത്തെ 'പൈശാചിക ജനത'ക്കെതിരെ തിരിച്ചുവിടുകയും ചെയ്തു. ലോക ജനതയെ കൃത്യമായി രണ്ടാക്കി പകുത്തു. മാലാഖയുടെ ആൾക്കാരും ചെകുത്താന്റെ ആൾക്കാരും. മാലാഖയുടെ കൂടെ നിന്നില്ലെങ്കിൽ ചെകുത്താന്റെ ആളാകുമായിരുന്നതുകൊണ്ട് ഭൂരിപക്ഷം മുതലാളിത്തപക്ഷത്തായിരുന്നു. അമേരിക്കൻ സേന മറ്റ് ശക്തരായ മാലാഖാപക്ഷത്തോടൊപ്പം ഇറാക്കിന്റെ നേരെ മാർച്ച് ചെയ്തു. സംഭവങ്ങൾ ലോക മനസാക്ഷിയുടെ മുമ്പിൽ അവതരിപ്പിക്കാൻ പത്രപ്രവർത്തകരും ഉണ്ടായിരുന്നു, തൊട്ടുപുറകിൽ അമേരിക്കൻ പട്ടാളത്തിന്റെ സംരക്ഷണത്തിൽ. പത്രക്കാർ കണ്ടത്, പട്ടാളക്കാർ കാണിച്ചുകൊടുത്തത് മാത്രം. യുദ്ധഭൂമിയിൽ, അമേരിക്കൻ പട്ടാളം കനിഞ്ഞു നൽകിയ സുരക്ഷിതത്വത്തിൽ ചൂടൻ വാർത്തകൾ പുറത്തേക്കൊഴു

കി. എംബഡഡ് ജേർണലിസം എന്നറിയപ്പെട്ട പുതിയ പത്രപ്രവർത്തന രീതിയിലൂടെ ജനാധിപത്യത്തിന് പുതിയ അർത്ഥതലങ്ങൾ പാകപ്പെടുകയായിരുന്നു. പട്ടാളത്തിന്റെ ശക്തിയും പത്രത്തിന്റെ കൗശലവും സമന്വയിപ്പിച്ച് പുതിയ ഒരു ലോക ക്രമം ഉരുത്തിരിഞ്ഞുണ്ടാവാനുള്ള പരീക്ഷണശാലയായി മാറി, ഇറാക്. അങ്ങനെ 'അസ്‌ക്ലാപീയൂസിന്റെ പൂവങ്കോഴി' എന്ന സത്യസന്ധതയെ (ഹക്ക്) ഇരുളടഞ്ഞ ആയിരം വർഷം തീറ്റിപ്പോറ്റിയ സംസ്കാരം എന്നെന്നേക്കുമായി തകർന്നു. സദ്ദാം ഹുസൈനെ ഒളിച്ചിരുന്ന 'മാളത്തിൽ' നിന്നു പിടിച്ചിറക്കി വിചാരണ ചെയ്തു എന്നു വരുത്തി തൂക്കിലേറ്റി. ലക്ഷക്കണക്കിന് സാധാരണക്കാരും സ്ത്രീകളും കുട്ടികളും കൊല്ലപ്പെട്ടു. പ്രാചീനമായ ഗ്രന്ഥശാലകൾ ബോംബിട്ട് തകർത്തു .

വാസ്തവാനന്തര കാലഘട്ടത്തിൽ പുതിയ അതിമുതലാളിത്ത രീതികൾ ഉരുത്തിരിഞ്ഞുവരാൻ നാം ഇന്ത്യക്കാരും സഹായിച്ചിട്ടുണ്ട്. സത്യത്തിൽ അമേരിക്ക നമ്മെ പിന്തുടരുകയാണ്, നാം അമേരിക്കയെ പിന്തുടരുകയല്ല. മുതലാളിത്ത നാളുകളിലെ ജനാധിപത്യം വിലമതിച്ചിരുന്നത് അടിസ്ഥാനപരമായി സത്യസന്ധരായ നേതൃത്വത്തെയാണ്. അഭിപ്രായവ്യത്യാസം ഉണ്ടാവാമെങ്കിലും ലോക നേതാക്കന്മാരായി നമ്മുടെ മുന്നിലുള്ളവരെല്ലാം സത്യസന്ധരായിരുന്നു. ലിങ്കണും കെന്നഡിയും നെഹ്രുവും കാർട്ടറുമൊന്നും കളവ് പറഞ്ഞവരായി ആരും രേഖപ്പെടുത്തിയിട്ടില്ല. പക്ഷേ ഇന്നത്തെ ലോകം സത്യസന്ധതയെ കാര്യമായെടുക്കുന്നില്ല എന്നു തോന്നുന്നു. കച്ചവടത്തിൽ കളവ് ആവാം എന്നു നാം കണക്കാക്കുന്നപോലെ രാഷ്ട്രതന്ത്രത്തിലും കളവ് കാര്യമാക്കാനില്ല എന്ന് നമുക്ക് ബോധ്യം വന്നിരിക്കുന്നു. അങ്ങനെ രേഖാമൂലം കളവ് പറയുന്നവർ ലോക നേതൃത്വം ഏറ്റെടുക്കുകയും കച്ചവടവും രാഷ്ട്രതന്ത്രവും തമ്മിലുള്ള അടിസ്ഥാന വ്യത്യാസമായ സത്യസന്ധത അപ്രത്യക്ഷമാവുകയും ചെയ്തു. അതിമുതലാളിത്ത കാലഘട്ടത്തിൽ അപ്രത്യക്ഷമായ ഒരു ഗുണവിശേഷം യുക്തിചിന്തയാണ്. പഴയ ലോക നേതൃത്വം യുക്തി സഹമായി ചിന്തിച്ചിരുന്നവരും സംസാരിച്ചിരുന്നവരും പ്രവർത്തിച്ചിരുന്നവരുമാണ്. അണികളിലും ആ യുക്തി ചിന്ത ഉണ്ടായിരുന്നു. ഇറാക്കിൽ രാസായുധമുണ്ടെന്ന് ഉറപ്പുണ്ടായിരുന്നെങ്കിൽ ആ രാജ്യത്തിനെ ആക്രമിക്കാൻ ഒരിക്കലും അമേരിക്ക തയ്യാറാവുമായിരുന്നില്ല. അവിടെ വിനാശകരമായ ആയുധശേഖരം ഒളിപ്പിച്ചുവെച്ചിട്ടുണ്ടെന്ന് ആരോപിച്ചായിരുന്നു ആക്രമണം. അത് പ്രചാരണതന്ത്രത്തിന്റെ ഭാഗമായിരുന്നു. യുദ്ധവും കെടുതികളും അവസാനിച്ചപ്പോഴും എവിടെയാണ് രാസായുധം എന്ന് അധികമാരും ചോദിച്ചില്ല. കാരണം രാക്ഷസൻമാരെ കീഴടക്കിയ ലഹരിയിലായിരുന്നു ലോകജനത. അവിടെ യുക്തിക്ക് വലിയ വിലയില്ലെന്ന് അതി മുതലാളിത്തം തിരിച്ചറിഞ്ഞു.

വാസ്തവാനന്തര കാലഘട്ടത്തിന്റെ ഉദാത്തമായ മാതൃകയാണ് ഇന്നത്തെ നമ്മുടെ ഇന്ത്യ എന്നതിൽ നമുക്കഭിമാനിക്കാം. രാജ്യത്തെ പ്രബലമായ ഒരു സംഘം ആളുകൾ ഈ സുവർണ്ണകാലത്തിന്റെ ലഹരിയിലാണ്. അതിവേഗ തീവണ്ടികൾ മാത്രമല്ല, ശൂന്യാകാശയാനം വരെ സ്വപ്നം കാണാനും യാഥാർത്ഥ്യമാക്കാനും കെൽപ്പുള്ള ഒരു ജനതയെ പശുവിന്റെ ഉച്ഛ്വാസവായുകൊണ്ട് ഓസോൺ വിടവുകളെ ഇല്ലാതാക്കാനും കഴിയുമെന്ന് വിശ്വസിപ്പിക്കുക അസാധ്യമല്ലെന്നതിൽ വാസ്തവാനന്തര കാലഘട്ട പ്രചരണതന്ത്രം വിജയിച്ചിരിക്കുന്നു. ശാസ്ത്രം ഇനിയും ഭാവനയിൽ കാണാൻ പോലും ധൈര്യപ്പെടാത്ത ശിരസ്സുമാറ്റ ശസ്ത്രക്രിയ നമ്മുടെ പൂർവ്വികർ ചെയ്തിരുന്നു എന്ന കാര്യത്തിൽ നമ്മുടെ കേമപ്പെട്ട സർവ്വകലാശാലാ അധ്യക്ഷർ വരെ വിശ്വസിക്കുന്നു. അഥവാ അങ്ങിനെ വിശ്വസിക്കുന്നവർക്ക് മാത്രമേ സർവ്വകലാശാലകളുടെ തലപ്പത്ത് എത്തുവാൻ കഴിയുകയുള്ളൂ. നീതിപീഠങ്ങളുടെയും കർമ്മശേഷികൊണ്ട് പൊതുജനങ്ങളുടെ അംഗീകാരം നേടിയ അന്വേഷണ ഏജൻസികളുടെയും തലപ്പത്ത് എത്താൻ എന്താണ് വഴിയെന്ന് പിൻബഞ്ചുകാർക്ക് നന്നായറിയാം. നമ്മുടെ ഇന്ത്യ എവിടെക്കാണ് പോകുന്നത്? വേദകാലത്തേക്കോ? അല്ല, നാം അതിമുതലാളിത്തത്തിലേക്കുള്ള യാത്രയിലാണ്. മറ്റെല്ലാം മായ. അംബാനിയും ആദാനിയും നമ്മെ ഭരിക്കും. മുകേഷിന്റെയും അനിലിന്റെയും മക്കളുടെ പേരുകൾ കണ്ടെത്തി നമ്മുടെ കുട്ടികളെ പഠിപ്പിച്ചുവെക്കുക. കാലാന്തരത്തിൽ ഉപയോഗപ്പെടും. ■

കച്ചവടത്തിൽ കളവ് ആവാം എന്നു നാം കണക്കാക്കുന്ന പോലെ രാഷ്ട്രതന്ത്രത്തിലും കളവ് കാര്യമാക്കാനില്ല എന്ന് നമുക്ക് ബോധ്യം വന്നിരിക്കുന്നു. അങ്ങനെ രേഖാമൂലം കളവ് പറയുന്നവർ ലോക നേതൃത്വം ഏറ്റെടുക്കുകയും കച്ചവടവും രാഷ്ട്രതന്ത്രവും തമ്മിലുള്ള അടിസ്ഥാന വ്യത്യാസമായ സത്യസന്ധത അപ്രത്യക്ഷമാവുകയും ചെയ്തു.